**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 604** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേരള സെറാമിക്സ് കമ്പനിയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ കേരള സെറാമിക്സ് കമ്പനിയുടെ നവീകരണത്തിനായി സർക്കാർ ഫണ്ട് ലഭിച്ചിട്ടും നവീകരണം ശരിയായ രീതിയിൽ നടക്കാത്തതിനാൽ കമ്പനിക്ക് നഷ്ടം സംഭവിച്ചതായുള്ള ആക്ഷേപത്തിന്മേൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരള സിറാമിക്സ് ലിമിറ്റഡിൽ 2016 മുതൽ നാളിതുവരെ പ്ലാന്റ് നവീകരണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള സാമ്പത്തിക ക്രമക്കേടുകൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സിറാമിക്സ് ലിമിറ്റഡിലെ AITUC, INTUC ട്രേഡ് യൂണിയനുകൾ സംയുക്തമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് 30.09.2021 ൽ സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-1, തിരുവനന്തപുരം പരിശോധന നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ആയത് സർക്കാർ പരിശോധിച്ച വരുന്നു. |
| (ബി) | കേരള സെറാമിക്സ് കമ്പനിയുടെ കെ.എസ്.ഇ.ബി. കുടിശ്ശിക കൊടുത്തു തീർക്കുവാനായി കമ്പനിയുടെ ഏതെങ്കിലും സ്ഥലം കെ.എസ്.ഇ.ബി.യ്ക്ക് നൽകുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വൈദ്യുതി കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബിയ്ക്ക് 1986 മുതൽ 2012വരെ കേരള സിറാമിക്സ് ലിമിറ്റഡ് നൽകുവാനുള്ള തുകയ്ക്ക് പകരമായി കേരള സിറാമിക്സിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം കെ.എസ്.ഇ.ബിയ്ക്ക് കൈമാറ്റം ചെയ്യുവാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | കമ്പനിയ്ക്ക് ക്ലേ എടുക്കുന്നതിനായി ഭൂമി വിട്ട് നൽകിയവർക്ക് വീടുകൾ നിർമ്മിച്ച നൽകുന്നതിന് സ്ക്വയർ ഫീറ്റിന് 3600 രൂപ എന്ന ഉയർന്ന നിരക്കിൽ കരാർ നൽകിയതിൽ അഴിമതി ഉള്ളതായ ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കമ്പനിക്ക് ക്ലേ എടുക്കുന്നതിനായി ഭൂമി വിട്ടു നൽകിയവർക്ക് വീടുകൾ നിർമിച്ച നൽകുന്നതിന് സ്ക്വയർ ഫീറ്റിന് 3600 രൂപ എന്ന ഉയർന്ന നിരക്കിൽ കരാർ നൽകിയിട്ടില്ല. |
| (ഡി) | കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ 80 ശതമാനം ജീവനക്കാരും താല്ക്കാലിക ജീവനക്കാരാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പി.എസ്.സി. മുഖേന ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | കമ്പനിയുടെ ഹെഡ് ഓഫീസിൽ ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ നിലവിൽ 9സ്ഥിരം ജീവനക്കാരും 5 താൽക്കാലിക ജീവനക്കാരും 3 അപ്രന്റീസുമാരുമാണുള്ളത്. 2013-16 കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും NJD ഒഴിവുകൾ ഉൾപ്പടെ 6 തവണകളായി 27 പേരെ പി.എസ്.സി |

| | | | |
|---|---|---|---|
| | | | അഡ്വൈസ് ചെയ്തിരുന്നുവെങ്കിലും അതിൽ രണ്ട് പേർ മാത്രം നിയമനം സ്വീകരിച്ച് ജോലിയിൽ പ്രവേശിക്കുകയും ഒരുവർഷത്തിനകം തന്നെ കൂടുതൽ മെച്ചപ്പെട്ട ജോലി ലഭിച്ചതിനാൽ രാജിവച്ചു പോകുകയും ചെയ്തു. 2018 ൽ നിലവിൽ വന്ന അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും 12 തവണകളായി 54 പേരെ പി.എസ്.സി അഡ്വൈസ് ചെയ്തിരുന്നെങ്കിലും ഒരാൾ മാത്രം ജോലിക്ക് റിപ്പോർട്ട് ചെയ്യുകയും ഒന്നര വർഷത്തിന് ശേഷം മെച്ചപ്പെട്ട ജോലി ലഭിച്ചതിനാൽ ടിയാൾ രാജിവച്ച് പോകുകയും ചെയ്തു. ഈ റാങ്ക് ലിസ്റ്റ് 2021 ൽ കാലഹരണപ്പെട്ടു.<br><br>കമ്പനിയുടെ ഹെഡ് ഓഫീസിൽ നിലവിലുള്ള ജൂനിയർ അസിസ്റ്റന്റുമാരുടെ 11 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പി.എസ്.സി ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ഇ) | കമ്പനിയുടെ നിലവിലെ എം.ഡി.യുടെ പേരിൽ വിജിലൻസ് കേസുകൾ എന്തെങ്കിലും ഉണ്ടോയെന്ന് വ്യക്തമാക്കുമോ; നിലവിലെ എം.ഡി. ആറ് വർഷമായി ചുമതലയിൽ തുടരുന്ന സാഹചര്യത്തിൽ പകരം പുതിയ എം.ഡി.യെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | കമ്പനിയുടെ നിലവിലെ എം.ഡി യുടെ പേരിൽ വിജിലൻസ് കേസുകൾ ഒന്നും നിലവിലില്ല. നിലവിലെ എം.ഡി. യെ മാറ്റി പുതിയ എം.ഡി.യെ നിയമിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ